**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2923** **24-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പ്രവൃത്തിയുടെ 80% പൂർത്തീകരിച്ചു |
| (ബി) | എത്ര രൂപ ചെലവഴിച്ചാണ് ഈ തുറമുഖം നിർമ്മിക്കുന്നതെന്നും ഇതിനാവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്വത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 60% കേന്ദ്രവിഹിതവും 40% സർക്കാർ വിഹിതവും വിനിയോഗിച്ച് പ്രസ്തുത തുറമുഖം നിർമ്മിക്കുന്നതിനായി 7053.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി തുടങ്ങിയതെപ്പോഴാണെന്നും അനന്തമായി നീണ്ടു പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് 2024 മാർച്ച് മാസത്തിലാണ്. പ്രവൃത്തി അനന്തമായി നീണ്ടുപോയിട്ടില്ല. |
| (ഡി) | പ്രസ്തുത തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ ഏർപ്പാടാക്കിയ പ്രവൃത്തികൾ 2026 ഫെബ്രുവരി അവസാന വാരത്തോട് കൂടി പൂർത്തീകരിക്കുവാൻ കഴിയും. |
| (ഇ) | ടി തുറമുഖത്ത് മിനി ലോ-ലെവൽ ജെട്ടി നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ? | (ഇ) | അനുമതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ